ജില്ലാ ആശുപത്രികളിൽ വെറ്ററിനറി ഓഫീസർ മുഖാന്തിരം എസ്.പി.സി.എ. ഫണ്ടിന്റെ വിനിയോഗം

124(1612)ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ മൃഗാശുപത്രികളിലെ വെറ്ററിനറി ഓഫീസർ വഴി എസ്.പി.സി.എ. യുടെ ഫണ്ട് വിനിയോഗിക്കുന്നതിന് ഇപ്പോൾ കൃത്യമായ മാനദണ്ഡങ്ങളോ നിയമങ്ങളോ ഇല്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.പി.സി.എ.യ്ക്ക് ഇൻഡ്യൻ അനിമൽ വെൽഫെയർ ബോർഡ്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നു ലഭിക്കുന്ന തുക കൃത്യമായ മാർഗ്ഗരേഖ ഇല്ലാത്തതിനാൽ വ്യാജരേഖ ചമച്ച് പലരും ഈ തുക വെട്ടിപ്പു നടത്തുന്നതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.പി.എ.സി. യുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് പാലക്കാട് ചീഫ് വെറ്ററിനറി ഓഫീസറെ ചില സർവീസ് സംഘടനകൾ ബന്ദിയാക്കാൻ ശ്രമിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനെതിരെ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) എസ്.പി.സി.എ. യുടെ ഫണ്ട് വിനിയോഗത്തെപ്പറ്റിയും പ്രവർത്തനത്തെപ്പറ്റിയും വിജിലൻസ് അന്വേഷണം ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാനദണ്ഡങ്ങൾ നിലവിലുണ്ട്. പരാതി അടിസ്ഥാനരഹിതമാണ്.

(ബി) ഇല്ല.

(സി) പാലക്കാട് വെറ്ററിനറി ഓഫീസറെ ബന്ദിയാക്കാൻ ശ്രമിച്ചതായി ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡിപ്പാർട്ട്മെന്റ് വിജിലൻസ് അഡീഷണൽ ഡയറക്ടർ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഇ) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

ടൂറിസം വികസനത്തിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ

126(1614)ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വിനോദസഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തുവാനും അവിടേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുവാനും കഴിഞ്ഞുവെന്നു വെളിപ്പെടുത്തുമോ;

(ബി) കൂടുതൽ സ്വദേശ, വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly